# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 01 | 2022 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

### പുതുവർഷ പുലരിയിൽ ശബരീശന് നൃത്താർച്ചനയുമായി കുരുന്നുകൾ

പുതുവർഷപുലരിയിൽ ശബരീശ സന്നിധിയിൽ നൃത്താർച്ചനയുമായി കുരുന്നുകൾ. തിരുവനന്തപുരം വെഞ്ഞാറമൂട് ജീവകല സാംസ്കാരിക മണ്ഡലത്തിലെ പതിമൂന്ന് കൊച്ചു നർത്തകിമാരാണ് അയ്യന് വഴിപാടായി തിരുവാതിര അവതരിപ്പിച്ചത്. ഗണപതി സ്തുതിയിൽ തുടങ്ങി പാരമ്പര്യ തിരുവാതിര ശീലുകളായ വന്ദനം, കൂരിരുട്ടും, കുറത്തിപ്പാട്ട് എന്നിവക്കെല്ലാം കൊച്ച് മാളികപ്പുറങ്ങൾ താളാത്മകമായി ചുവടുവച്ചപ്പോൾ സ്വാമിദർശനത്തിനായി കാത്തുനിന്ന തീർഥാടകർക്ക് വേറിട്ട അനുഭവമായി കലാവിരുന്ന് മാറി. നർത്തകിമാരായ എസ്.ആർ. ആർദ്ര, വി.എസ്. നിരഞ്ജന, ആർ.ഏകാദശി, അമേയ എസ്. കൃഷ്ണ, ജെ.എസ്. നൈനിക, ഐ.കെ. ശ്രീലക്ഷ്മി, നീലാംബരി മഹാലക്ഷ്മി, എസ്. അനന്തിക, വി.എസ്. അഹല്യ, എ.എസ്. ഭാഗ്യലക്ഷ്മി, സി.വി. അപൂർവ, എൻ.ഗൗരി കൃഷ്ണ, എസ്.എസ്. ആത്മികകൃഷ്ണ എന്നിവരാണ് തീർഥാടകർക്ക് നടന വിസ്മയമൊരുക്കിയത്. എം.വി. ദർശന അയ്യപ്പ ഭക്തിഗാനമാലപിച്ചു. ജീവകല നൃത്ത അദ്ധ്യാപിക നമിത സുധീഷാണ് തിരുവാതിര ചിട്ടപ്പെടുത്തിയത്. സന്നിധാനത്തെ വലിയനടപ്പന്തലിലെ മണ്ഡപത്തിൽ ശനിയാഴ്ച രാവിലെയാണ് തിരുവാതിര അരങ്ങേറിയത്. ശബരിമല സന്നിധാനം എക്സിക്യൂട്ടീവ് ഓഫീസർ വി. കൃഷ്ണകുമാര വാര്യർ, സന്നിധാനം പോലീസ് കൺട്രോളർ ബി. അജിത് കുമാർ എന്നിവർ ഭദ്രദീപം

തെളിച്ചു.

ഇത് മൂന്നാംതവണയാണ് ജീവകല സാംസ്ക്കാരിക മണ്ഡലത്തിലെ കുട്ടികൾ അയ്യന് മുന്നിൽ തിരുവാതിര അവതരിപ്പിക്കുന്നത്. 2017 ലെ തിരുവോണത്തിനും 2020 പുതുവർഷദിനത്തിലും ജീവകല ശബരിമലയിൽ തിരുവാതിര അവതരിപ്പിച്ചിരുന്നു. പാരമ്പര്യ തിരുവാതിരകളിയെ പരിപോഷിപ്പിക്കുന്ന ജീവകലയുടെ ആഭിമുഖ്യത്തിൽ വരിക വാർതിങ്കളെ എന്ന പേരിൽ സംസ്ഥാനതല തിരുവാതിര കളി മൽസരം സംഘടിപ്പിച്ചു വരുന്നു ്. ജീവകല ഭാരവാഹികളായ വി.എസ്. ബിജുകുമാർ, പി. മധു, ദിലീപ് പുല്ലമ്പാറ, കെ. ബിനുകുമാർ, സജു മാധവ് എന്നിവരുടെ നേതൃത്വത്തിലാണ് മാളികപ്പുറങ്ങൾ സന്നിധാനത്തെത്തിയത്.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.